(സി) കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തകരുടെയും അവരുടെ സഹായികളുടേയും വിവരങ്ങൾ പോലീസിന്റെ പക്കലുണ്ട്. പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 101 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഇ) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കേസുകളിലെ പ്രതികളെ പോലീസ് അന്വേഷിക്കാറുണ്ട്. അതിൽ തീവ്രവാദിയെന്നോ ഭീകരവാദിയെന്നോ വേർതിരിവില്ല.

ആലപ്പുഴയിൽ നടന്നിട്ടുള്ള കൊലപാതക കേസുകൾ

237 (241) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2011 മുതൽ 2015 വരെ ആലപ്പുഴയിൽ നടന്നിട്ടുള്ള കൊലപാതക കേസുകൾ ഏതെല്ലാമാണ് ; അതിൽ പോലീസ് അന്വേഷണം പൂർത്തിയാക്കി വിചാരണ നടപടികൾ കാത്തിരിക്കുന്നത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും അന്വേഷണം പൂർത്തീകരിക്കാത്തത് ഏതെല്ലാം കേസുകളാണ് ; പ്രസ്തുത കേസുകൾ ആരാണ് അന്വേഷിക്കുന്നത് ; അന്വേഷണം എന്നത്തേക്ക് പൂർത്തിയാകും ; വിശദമാക്കുമോ ?

ഉത്തരം

(എ) 2011 മുതൽ 2015 വരെ ആലപ്പുഴ ജില്ലയിൽ 90 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറയുന്ന 90 കേസുകളിൽ ഒരെണ്ണം ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. പ്രസ്തുത 90 കേസുകളുടെയും പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരവും ഇപ്പോൾ നിലവിൽ വിചാരണയിൽ ഇരിക്കുന്ന കേസുകളുടെ വിവരവും അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) നിലവിൽ ജില്ലയിൽ അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*. ഇതിനു പുറമേ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയ ക്രൈം നം.732/CR/HHW-I/2012(ചെങ്ങന്നൂർ പി.എസ്. ക്രൈ നം. 937/2012) എന്ന കേസ് ഇപ്പോൾ അന്വേഷണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly